6 (*5) എലിപ്പനി നിയന്ത്രിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നടപടി

ശ്രീ. എം.മുരളി :

ഡോ. എം.എ.കുട്ടപ്പൻ :

ശ്രീ. പി.ജെ.ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവർഷം ശരാശരി എത്രപേർ എലിപ്പനി മൂലം മരണമടഞ്ഞിട്ടുണ്ട്;

(ബി) എലിപ്പനി നിയന്ത്രിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(സി) എലി നശീകരണം മാത്രമാണോ എലിപ്പനി നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം എന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം അറിയിക്കാമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

(എ) 1996,1997 വർഷങ്ങളിലെ മരണ നിരക്കിന്റെ കണക്ക് ലഭ്യമല്ല. 1998-ൽ 68, 99-ൽ 93, 2000 സെപ്റ്റംബർ വരെ 45 എന്ന കണക്കിൽ പ്രതിവർഷം 65 ഓളം മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. കോട്ടയത്തും, കോഴിക്കോടും, എലിപ്പനി ബാധ ഉണ്ടായപ്പോൾ ഐ.സി.എം ആർ-ന്റെ വിദഗ്ദ്ധ സംഘം 2000 സെപ്റ്റംബറിൽ പഠനം നടത്തുകയും ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. കോട്ടയം മെഡിക്കൽ കോളേജിൽ 10 രോഗികളുടെ രക്തം പരിശോധിച്ചാൽ ആറു പേർക്ക് രോഗ ബാധയുള്ളതായി കാണപ്പെട്ടു. 12 പേരുടെ രക്തം പോർട്ട്ബ് ളെയറിലെ കേന്ദ്രത്തിൽ പ്രത്യേക പരിശോധന നടത്തിയപ്പോൾ അതിൽ 6 പേരിൽ രോഗം ഉള്ളതായി സ്ഥിരീകരിച്ചു. 'ആട്ടമ്നാലിസ്' എന്ന് ഉപവിഭാഗമാണ് ഇവിടെ കണ്ടത്. കോട്ടയം ജില്ലാ ആശുപത്രിയിലെ പനിയുള്ള 38 രോഗികളുടെ രക്തം പരിശോധിച്ചതിൽ 2 പേരുടെ രക്തത്തിൽ രോഗാണു ബാധ ഉള്ളതായി കണ്ടു. കുമരകം ഗ്രാമത്തിലെ 22 ആളുകളുടെ രക്തം പരിശോധിച്ചതിൽ 16 പേരിൽ രോഗാണുബാധയുടെ ലക്ഷണങ്ങൾ കണ്ടു. (സീറോ പ്രിവിലൻസ്), കന്നുകാലികളിൽ നടത്തിയ പഠനത്തിൽ കാര്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല, എലികളിൽ നടത്തിയ പഠനത്തിൽ ഗണ്യമായ തോതിൽ രോഗാണുബാധയുള്ളതായി കണ്ടു.

പ്രാഥമിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ചില നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി രോഗബാധ കൂടുതലായി കാണുന്നുണ്ട്. പഠനം നടത്തിയതിൽ രോഗബാധ സംശയിച്ചതിൽ 50% പേരുടെ രക്തത്തിൽ രോഗാണുബാധ ഉള്ളതായി കണ്ടു. ലെപ്റ്റോസ് പൈടാ ആ മ്നാലീസ് എന്ന ഉപവിഭാഗമാണ് കണ്ടത്. ആരോഗ്യവാന്മാരായ ആളുകളുടെ രക്തത്തിലും 7-9% വരെ സീറോ പ്രിവിലൻസ് കണ്ടു. മറ്റു പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇത് കുറവാണെങ്കിലും ഇത് കാര്യമായി എടുക്കേണ്ടതാണ്. വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ ഈ രോഗം കൂടുതലായി കാണുന്നു. അതുപോലെ കൃഷി സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരിലും ഇതു കൂടുതലായി ഉണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഠനസമിതികളുടെ നിർദ്ദേശങ്ങൾ

(1) മെഡിക്കൽ കോളേജുകളും മറ്റു ജില്ലാ ആശുപത്രികളിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

(2) ലാബറട്ടറികളിലെ പരിശോധനാ ക്രമങ്ങൾ സ്റ്റാന്റേർഡൈസ്ഡ് ചെയ്യുക.

(3) ലെപ്റ്റോഡിസ്റ്റിക്ക് മുതലായ രോഗ നിർണ്ണയത്തിനുള്ള സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്തുക.

(4) കാലാവസ്ഥ, പരിസ്ഥിതി, രോഗസംക്രമണ രീതികൾ എന്നിവയ്ക്ക് പഠനം നടത്തുക.

(5) വീടുകളിൽ വളർത്തുന്ന മൃഗങ്ങളിൽ പഠനം നടത്തുക.

(6) സംസ്ഥാന തലത്തിൽ കൃഷിവകുപ്പും വെറ്റിനറി ഡിപ്പാർട്ടുമെന്റും ചേർന്ന് എലികളിൽ പഠനം നടത്തുക.

(7) രോഗസംക്രമണ രീതിയും മറ്റും പഠിച്ചതിനുശേഷം നിയന്ത്രണപരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

സ്വീകരിച്ച നടപടികൾ

(1) മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കും പബ്ലിക് ഹെൽത്ത് ലാബറട്ടറികളിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(2) ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മൂന്നു ജില്ലകളിൽ രോഗബാധിതർ എന്നു സംശയിക്കുന്നവരുടെ രക്തം സീറോളജി പരിശോധന നടത്തുന്നതിനായി കേരള സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും അതാത് സ്ഥലങ്ങളിലെ മെഡിക്കൽ കോളേജുകളും ആരോഗ്യ വകുപ്പും ചേർന്ന് പഠനം നടത്തുവാൻ തീരുമാനിച്ചു.

(3) ലെപ്റ്റോഡിപ്സ്റ്റിക്ക് ടെസ്റ്റു നടത്തുവാൻ വേണ്ട സാമഗ്രികൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

(4) കൃഷിവകുപ്പും, മൃഗസംരക്ഷണ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കാലാവസ്ഥ, പരിസ്ഥിതി രോഗവാഹകരായ മൃഗങ്ങൾ, എലികൾ എന്നിവയിൽ പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(5) എൻ.ഐ.സി.ഡി. യുടെ സഹകരണത്തോടുകൂടി പഠനങ്ങൾ ആധുനികരീതിയിൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

(സി) അല്ല, രോഗാരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തുകയും ആവശ്യമായ ചികിത്സ നടത്തുകയും ഈ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക എലിനശീകരണം, വൃത്തിഹീനമായ പരിസരങ്ങൾ ശുചിയാക്കുക, കെട്ടികിടക്കുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്യുക. കുണ്ടുകുഴികൾ നികത്തുക, ശരീരത്തിൽ മുറിവുള്ളവർ പ്രത്യേകം മുൻകരുതലുകൾ എടുക്കുക തുടങ്ങിയവയാണ് പ്രധാന പ്രതിരോധ മാർഗ്ഗങ്ങൾ.

7 (*6) മുല്ലപ്പെരിയാർ ജലസംഭരണിയുടെ പാട്ടക്കാലാവധി

ശ്രീ. എ.കെ.മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly